LIBRARY ARCHIVES Kerala Legislative Assembly

സി-ഡിറ്റിലെ താൽക്കാലിക ജീവനക്കാർ

9 [783] ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ എത്ര പേർ റഗുലർ, ദിവസവേതന, കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) സി-ഡിറ്റിൽ താൽക്കാലിക ജീവനക്കാരായിരുന്ന ആരെയെങ്കിലും മുമ്പ് റഗുലറൈസ് ചെയ്തിട്ടുണ്ടോ ;

(സി) അതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ശുപാർശ ചെയ്യപ്പെട്ടവർ എത്രയാണെന്ന് പറയുമോ ;

(ഡി) സി-ഡിറ്റിലെ ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുണ്ടോ ;

(ഇ) സി-ഡിറ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് താൽക്കാലിക ജീവനക്കാരുടെ സേവനം ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവർക്ക് ജോലി സ്ഥിരത നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സി-ഡിറ്റിൽ താഴെ പറയും പ്രകാരം ജീവനക്കാർ ഇപ്പോൾ റഗുലർ, ദിവസവേതന, കരാർ അടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നു:

ഗവേണിംഗ് ബോഡിയും സർക്കാരും അംഗീകരിച്ച റഗുലർ ജീവനക്കാർ	-	2
ഗവേണിംഗ് ബോഡി മാത്രം അംഗീകരിച്ച റഗുലർ ജീവനക്കാർ	-	51
ദിവസവേതനക്കാർ	-	32
കരാർ ജീവനക്കാർ	-	60

(ബി) താൽക്കാലിക ജീവനക്കാരായിരുന്ന 69 ദിവസവേതന/കരാർ ജീവനക്കാരെ 1-1-2000-ൽ കൂടിയ 38-ാമത് സി-ഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി റഗുലറൈസ് ചെയ്തിട്ടുണ്ട്. കൂടാതെ മൂന്ന് താൽക്കാലിക ദിവസവേതന ജീവനക്കാരെ 3-9-2002-ൽ കൂടിയ 45-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി റഗുലറൈസ് ചെയ്തിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രണ്ട് പേരാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്.

(ഡി) 50-ാമത് സി-ഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഇ) സി-ഡിറ്റിൽ സർക്കാരിന്റെ അംഗീകാരമുള്ള മൂന്ന് തസ്തികകൾ മാത്രമേ ഉള്ളൂ. ആവശ്യമായ റഗുലർ തസ്തികകൾ സർക്കാർ അംഗീകാരത്തോടെ സൃഷ്ടിക്കപ്പെടുന്നതുവരെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിന് താൽക്കാലിക ജീവനക്കാരുടെ സേവനം സ്വീകരിക്കേണ്ടി വരും.

(എഫ്) മേൽപ്പറഞ്ഞ താൽക്കാലിക ജീവനക്കാർക്ക് ജോലി സ്ഥിരത നൽകുന്ന കാര്യം പരിഗണിക്കേണ്ടത് സി-ഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയുമാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല.

ഇൻഫോപാർക്ക് ഐ. റ്റി. മേളകളിൽ രജിസ്റ്റർ ചെയ്തവർ

10 [784] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻഫോപാർക്ക് നടത്തുന്ന ഐ.റ്റി. മേളകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതോടനുബന്ധിച്ച് പ്രൊഫഷണൽ റിക്രൂട്ട്മെന്റ് വിഭാഗത്തിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) ഇപ്രകാരം രജിസ്റ്റർ ചെയ്ത എത്ര പേർക്ക് തൊഴിൽ ലഭ്യമായി എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇൻഫോപാർക്കിൽ വെച്ച് നടത്തിയ "ഐ.റ്റി. കേരള 2006" ജോബ് മാർട്ടിൽ ആകെ 26,954 ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 10,863 ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം രജിസ്റ്റർ ചെയ്ത 679 പേർക്ക് വിവിധ കമ്പനികൾ അപ്പോയിന്റ്മെന്റ് ഓർഡർ നൽകി കഴിഞ്ഞു. ഷോർട്ട് ലിസ്റ്റ് ചെയ്തവരിൽ നിന്ന് 1549 പേർക്ക് അടുത്ത ഏതാനും മാസങ്ങളിൽ തുടർന്നുള്ള സെലക്ഷൻ പ്രോസസ്സ് വഴി തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്.

അമ്പലമുകളിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കാൻ നടപടി

11 [785] ശ്രീ. എ. കെ. മണി :
,, ജി. കാർത്തികേയൻ :
,, എം. എം. ഹസ്സൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലമുകളിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly